# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 176 07.03.2017 — ൽ മറുപടിക്ക്

## വാതിൽപ്പടി വിതരണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള വാതിൽപ്പടി വിതരണ സംവിധാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എഫ്.സി.ഐ. ഗോഡൗൺ / സി.എം.ആർ മില്ലുകൾ എന്നിവിടങ്ങളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഇതിനായി പ്രത്യേകമായി കണ്ടെത്തിയിട്ടുളള ഇന്റർ മീഡിയറി ഗോഡൗണുകളിൽ സംഭരിച്ച്, താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നു ലഭിക്കുന്ന ലിസ്റ്റനുസരിച്ച് ഓരോ റേഷൻവ്യാപാരിയുടേയും വിഹിതം അവരുടെ റേഷൻ കടകളിൽ എത്തിച്ചു കൊടുക്കുന്നതാണ് വാതിൽപ്പടി വിതരണ സംവിധാനം. വാതിൽപ്പടി വിതരണ സംവിധാനം മുഖേന റേഷൻ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻകടകളിലും നേരിട്ട് എത്തിക്കുന്നതാണ്. ഇതിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത് പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ (സപ്ലൈകോ) യാണ്. |
| (ബി) വാതിൽപ്പടി വിതരണ സംവിധാനത്തിൽ സാധനങ്ങൾ എത്തിക്കുന്നതിനുള്ള ഗതാഗത കരാർ ആർക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ട്രാൻസ്പോർട്ടിംഗ് രംഗത്തുളള സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവരിൽ നിന്ന് ഇ-ടെൻഡർ മുഖാന്തിരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിക്ക് സ്ഥാപനത്തിന് കോൺട്രാക്ട് നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുളളത്. |
| (സി) റേഷൻ കടകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) യന്ത്രങ്ങൾ സർക്കാർ നേരിട്ട് സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) സർക്കാർ സിസ്റ്റം ഇന്റഗ്രേറ്റർ ആയി ചുമതലപ്പെടുത്തിയ സപ്ലൈകോ മുഖേനയാണ് ഇ-പോസ് (ഇലക്ട്രോണിക് പോല യിന്റ് ഓഫ് സെയിൽ) സ്ഥാപിക്കുന്നത്. |

സെക്ഷൻ ഓഫീസർ